# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം -2960 — 20.03.2015- ൽ മറുപടിക്ക്

## കൽപ്പറ്റ വാരാമ്പറ്റ റോഡിന്റെ ടെൻഡർ നടപടികൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.എം.വി.ശ്രേയാംസ് കുമാർ** | | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) റിക് പദ്ധതിയിൽ ഉൾപ്പെടുത്തിയ കൽപ്പറ്റ വാരാമ്പറ്റ റോഡിന്റെ ടെൻഡർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;<br>(ബി) പ്രസ്തുത റോഡ് നിർമ്മാണത്തിനുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;<br>(സി) ആയവ പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (എ) യും (ബി) യും (സി) യും | ഇല്ല. ഈ സ്ഥാപനത്തിന്റെ കീഴിൽ ആറ് റീഹാബിലിറ്റേഷൻ പാക്കേജുകളിൽ (469 കി.മീ) ഒന്നായ പാക്കേജ് IA-ൽ കൽപ്പറ്റ - വാരാമ്പറ്റ റോഡ് ഉൾപ്പെടുത്തിയിരുന്നു. ഇത് ടെൻഡർ ചെയ്തുവെങ്കിലും ലഭിച്ച ആന്യൂറ്റി തുക വളരെ കൂടുതലായതുകൊണ്ട് പ്രസ്തുത ആറ് പാക്കേജുകൾക്കും ധനകാര്യ വകുപ്പ് അംഗീകാരം നൽകുകയുണ്ടായില്ല. ആയതിനാൽ 100 കി.മീ. റോഡുകൾ ഒരു പൈലറ്റ് പ്രൊജക്റ്റായി പരിഗണിച്ച് നടപ്പിലാക്കുന്നതിനും പ്രസ്തുത പ്രൊജക്റ്റിന്റെ അടിസ്ഥാനത്തിൽ കൽപ്പറ്റ - വാരാമ്പറ്റ റോഡുൾപ്പെടെയുള്ള മറ്റ് റോഡുകൾ പുനക്രമീകരിച്ച് അടുത്ത ഘട്ടങ്ങളിൽ നടപ്പാക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ